# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 235

01.12.2014 -ലെ മറുപടിക്ക്

## കാസർഗോഡ് ജില്ല — ആദൂരിൽ ദളിത് യുവതിയെ പീഡിപ്പിച്ചതു സംബന്ധിച്ച്

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ ഉദുമ | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിലെ ആദൂർ പോലീസ് സ്റ്റേഷനിൽ പരാതിയുമായി എത്തിയ ആദൂർ സ്വദേശിയായ ദളിത് യുവതിയെ പീഡിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത കേസിലെ പ്രതികൾ ആരൊക്കെയെന്നും പ്രതികൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും വിശദമാക്കാമോ; | (ബി) ഇതു സംബന്ധിച്ച് കാസർഗോഡ് സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2/2014 u/s 376(a) (b) IPC, 3(i) (xii), 3(2) (v) of SCST PoA Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രതികളായ (1) മുഹമ്മദ് ഖനീഫ S/o ഹുസൈൻ കുട്ടി ഹാജി, (2) സുഗുണൻ (ഗ്രേഡ് എസ്.ഐ., അദൂർ എന്നിവരെ അറസ്റ്റ് ചെയ്ത് ബഹു. കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും ബഹു. കോടതി ടിയാൻമാരെ റിമാൻഡിൽ പാർപ്പിച്ചിട്ടുള്ളതുമാണ്. |
| (സി) പ്രസ്തുത കേസിൽ ഏതെങ്കിലും പ്രതികളെ പിടികൂടാനുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) ഇല്ല. ഈ കേസ്സിൽ മറ്റ് പ്രതികൾ ആരും തന്നെയില്ല. |

സെക്ഷൻ ഓഫീസർ